കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 4,25,000 രൂപായുടെ (രൂപ നാല് ലക്ഷത്തി ഇരുപത്തിയയ്യായിരം മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.2210/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 22/07/2016

---

പരാമർശം : 1. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.07.2015 – തിയതിയിലെ എച്ച്-447/15 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 18.11.2015 – തിയതിയിലെ എം3/36217/15 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26.03.2016 – തിയതിയിലെ കെ.എസ്.എ-14626/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം, വളം വിതരണത്തിന് മാത്രമായി പദ്ധതിയുണ്ടാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,25,000 രൂപാ (നാല് ലക്ഷത്തി ഇരുപത്തിയയ്യായിരം മാത്രം) തടസ്സപ്പെടുത്തിയിരുന്നു. ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ കർഷകരിൽ ഭൂരിഭാഗവും ഇടത്തരം നാമമാത്ര കർഷകരായതിനാൽ പട്ടികജാതിക്കാരുൾപ്പെടെയുള്ള ഈ കർഷകരെ സംബന്ധിച്ചിടത്തോളം പൊതുമാർക്കറ്റിൽ നിന്നും ഉയർന്ന വിലക്ക് വളം വാങ്ങി ഉപയോഗിക്കുന്നത് അസാദ്ധ്യമായതിനാലും വളം വിതരണം ചെയ്യതിലൂടെ വിള വർദ്ധനവുണ്ടായതിനാലും ഇത് കർഷകർക്ക് സാമ്പത്തിനേട്ടം കൈവരിക്കുന്നതിന് കാരണമായതിനാലും ഇക്കാര്യത്തിൽ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി നൽകുവാൻ സൂചന ഒന്ന് കത്ത് പ്രകാരം ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി എന്നിവയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ

സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്. പഞ്ചായത്തിന്റെ മറുപടി, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ മറുപടി എന്നിവ കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 4,25,000 രൂപായുടെ (നാല് ലക്ഷത്തി ഇരുപത്തിയയ്യായിരം മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഷിബു. എ.ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ